പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2761 **28-10-2026-ൽ മറുപടിയ്ക്ക്**

തളിപ്പറമ്പിൽ ജലഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധന ലാബുകളുടെ (വാട്ടർ ടെസ്റ്റിംഗ് ലബോറട്ടറി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

മറുപടി: ജല അതോറിറ്റിയുടെ കീഴിൽ ഒരു സ്റ്റേറ്റ് ലാബും (SL), പതിനാല് ജില്ലാ ലാബുകളും (DL), എഴുപത്തിഒന്ന് സബ് ജില്ലാ ലാബുകളും (SDL) പ്രവർത്തിച്ചു വരുന്നു. ജലഗുണനിലവാര പരിശോധന ലാബുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധമായി** ചേർക്കുന്നു.

(ബി) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിലും സമീപ പ്രദേശങ്ങളിലും നിലവിൽ സർക്കാർ സംവിധാനങ്ങൾക്ക് കീഴിൽ ജലഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: കണ്ണൂർ ജില്ലയിൽ ഒരു ജില്ലാ ലാബും 5 സബ് ജില്ലാ ലാബുകളും പ്രവർത്തിച്ചു വരുന്നു.

ജില്ലാ ലാബ്: കണ്ണൂർ

സബ് ജില്ലാ ലാബ്: കണ്ണൂർ, ഇരിക്കൂർ, മട്ടന്നൂർ, തളിപ്പറമ്പ, പയ്യന്നൂർ.

(സി) തളിപ്പറമ്പിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായി പരിശോധിക്കുന്നതിനും ജലജന്യ രോഗബാധകൾ ഫലപ്രദമായി തടയുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമായി തളിപ്പറമ്പിൽ ഒരു ജലഗുണനിലവാര പരിശോധന ലാബ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

മറുപടി: നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ ഉപജില്ലാ ലാബ് തളിപ്പറമ്പ് കുഴിച്ചാൽ എന്ന സ്ഥലത്ത് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ലാബിൽ പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും നിശ്ചിത ഫീസ് ഒടുക്കി അവർ ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് അറിയുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) എങ്കിൽ, ഇത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

അനുബന്ധം

LAB DETAILS		
Sl. No	**Lab**	**Accreditation/ Recognition**
1	Thiruvananthapuram DL	Accreditation
2	Nemom SDL	Recognition
3	Nedumangad SDL	Recognition
4	Athiyanoor SDL	Recognition
5	Chirankeezhu SDL	Recognition
6	Varkala SDL	Recognition
7	86 MLD WTP lab Aruvikkara	Recognition
8	74 MLD WTP lab, Aruvikkara	Recognition
9	Kollam DL	Accreditation
10	Mukhathala SDL	Recognition
11	Chadayamangalam SDL	Recognition
12	Sasthamkottah SDL	Recognition
13	Kottarakkara SDL	Recognition
14	Chavara SDL	Recognition

15	WTP lab Meenad SDL	Recognition
16	Pathanamthitta DL	Accreditation
17	Pulikeezhu SDL	Recognition
18	Elanthoor SDL	Recognition
19	Parakode SDL	Recognition
20	Ranni SDL	Recognition
21	Pampa SDL	Recognition
22	Kottayam DL	Accreditation
23	Kottayam SDL	Recognition
24	Thalayolaparambu SDL	Recognition
25	Perunna SDL	Recognition
26	Kaduthuruthy SDL	Recognition
27	Pala SDL	Recognition
28	Alappuzha DL	Accreditation
29	Pallipad SDL	Recognition
30	Kayamkulam SDL	Recognition
31	Amabalapuzha SDL	Recognition
32	S.L puram SDL	Recognition
33	Mavelikkara SDL	Recognition

34	WTP lab Thycattussery	Recognition
35	Ernakaulam DL	Accreditation
36	Angamaly SDL	Recognition
37	Piravam SDL	Recognition
38	Muvattupuzha SDL	Recognition
39	Kothamangalam SDL	Recognition
40	Vypin SDL	Recognition
41	WTP lab, Nettoor	Recognition
42	Idukki DL	Accreditation
43	Thodupuzha SDL	Recognition
44	Adimaly SDL	Recognition
45	Idukki SDL	Recognition
46	Thrissur DL	Accreditation
47	Thrissur SDL	Recognition
48	Irinjalakkuda SDL	Recognition
49	Thalikkulam SDL	Recognition
50	Pazhayannoor SDL	Recognition
51	Mullassery SDL	Recognition
52	Palakkad DL	Accreditation

53	Palakkad SDL	Recognition
54	Pattambi SDL	Recognition
55	Chittoor SDL	Recognition
56	Mannarkkad SDL	Recognition
57	Kollengodu SDL	Recognition
58	Malappuram DL	Accreditation
59	Nilambur SDL	Recognition
60	Perinthalmanna SDL	Recognition
61	Parappanangadi SDL	Recognition
62	Manjeri , Ponnani SDL	Recognition
63	Malappuram SDL	Recognition
64	Kozhikkode DL	Accreditation
65	Vadakara SDL	Recognition
66	Kozhikkode SDL	Recognition
67	Koyilandi SDL	Recognition
68	Narikunni SDL	Recognition
69	Kuttiady SDL	Recognition
70	WTP Peruvannamuzhy	Recognition
71	Wayanad DL	Accreditation

72	Manathavady SDL	Recognition
73	Batheri SDL	Recognition
74	Noolpuzha SDL	Recognition
75	Kalpetta SDL	Recognition
76	Kannur DL	Accreditation
77	Kannur SDL	Recognition
78	Irikkur SDL	Recognition
79	Mattannur SDL	Recognition
80	Thaliparamba SDL	Recognition
81	Payannur SDL	Recognition
82	Kasargod DL	Accreditation
83	Kasargod SDL	Recognition
84	Kanhangad SDL	Recognition
85	Karadka SDL	Recognition
86	State Referral Institute (SRI), Nettoor – SL	Accreditation